# പതിമൂന്നാം കേരളനിയമസഭ

## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.84** — **10.12.2012 ൽ മറുപടിക്ക്**

### എൻഡോസൾഫാൻ ബാധിതരുടെ പട്ടിക

| ചോദ്യം<br>ശ്രീ.ഇ. ചന്ദ്രശേഖരൻ: | | ഉത്തരം<br>ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിത ബാധിതരുടെ പട്ടികയിൽ എത്രപേരാണ് ഉണ്ടായിരുന്നത് ; ഇതിൽ കിടപ്പിലായവർ, രോഗബാധിതർ, വൈകല്യ മുള്ളവർ എത്രപേരുണ്ടെന്ന് വെളിപ്പെടുത്തുമോ; | (എ) | 4182<br>ഇതിൽ കിടപ്പിലായവർ 185<br>വൈകല്യമുള്ളവർ 1428<br>രോഗബാധിതർ 2381<br>മരണപ്പെട്ടവർ 188 |
| (ബി) | പ്രസ്തുത പട്ടികയുടെ തയ്യാറാക്കൽ, പുതുക്കൽ എന്നിവ ചെയ്യുന്നത് ആരാണെന്ന് വ്യക്തമാക്കുമോ; | (ബി) | ദുരിതബാധിതരെ കണ്ടെത്താനായി സംഘടിപ്പിക്കപ്പെട്ട സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പുകളിൽ നിന്നും വിദഗ്ദ്ധ ഡോക്ടർമാരുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് ദുരിതബാധിത പട്ടിക തയ്യാറാക്കിയത്.<br>ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശയുടേയും സർക്കാർ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ ദുരിതബാധിതരുടെ പട്ടികയിൽപ്പെട്ട<br>1) കിടപ്പിലായവർ<br>2) ശാരീരികവൈകല്യമുള്ളവർ<br>3) ബുദ്ധിമാന്ദ്യം സംഭവിച്ചവർ<br>എന്നീ വിഭാഗങ്ങളെ കണ്ടെത്തുന്ന |

| | | | |
|---|---|---|---|
| | | | പ്രവർത്തനമാണ് നിലവിൽ നടന്നത്. അല്ലാതെ ദുരിതബാധിതപ്പട്ടിക പുതുക്കൽ എന്ന പ്രവർത്തനം നടന്നിട്ടില്ല. ഇതിനായി 26.07.12 ലെ ജി.ഒ(ആർ.റ്റി) നം.2469/12/ ആ.കു.വ നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ വിവിധ മെഡിക്കൽ കോളേജുകളിലെ ഒരു സംഘം ഡോക്ടർമാരെ ഉൾപ്പെടുത്തിക്കൊണ്ട് റീ കാറ്റഗറൈസേഷൻ വർക്ക്ഷോപ്പ് ജില്ലയിൽ സംഘടിപ്പിക്കുകയുണ്ടായി. പ്രസ്തുതവർക്ക്ഷോപ്പിലൂടെ ലഭ്യമായ വിവരങ്ങൾ, സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പുകളിൽ നിന്നും നേരത്തെ തയ്യാറാക്കപ്പെട്ട രോഗികളുടെ കേസ്ഷീറ്റുകൾ, ഫീൽഡുതല അന്വേഷണ റിപ്പോർട്ട് എന്നീ വിവരങ്ങൾ സംയോജിപ്പിച്ചുകൊണ്ടാണ് ഈ പ്രവർത്തനം നടത്തിയത്. |
| (സി) | പ്രസ്തുത പ്രവൃത്തി പൂർത്തിയായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (സി) | പ്രസ്തുത പ്രവർത്തനത്തിന്റെ ആദ്യഘട്ടം പൂർത്തീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ലഭിച്ചിട്ടുള്ള പരാതികൾ പരിശോധിച്ച് തീരുമാനം എടുക്കുന്ന പ്രവർത്തനം നടന്നുവരികയാണ്. |
| (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എൻഡോസൾഫാൻ ബാധിതർക്ക് നൽകിയ സഹായത്തിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ? | (ഡി) | പുതിയ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2011 ആഗസ്റ്റ് , ഡിസംബർ മാസങ്ങളിലായി 9 സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പുകൾ നടത്തിയിട്ടുണ്ട്. ചികിത്സ, പ്രതിമാസ സാമ്പത്തിക സഹായം, സൗജന്യ റേഷൻ എന്നീ കാര്യങ്ങൾ കഴിഞ്ഞ സർക്കാറിന്റെ കാലത്ത് തുടങ്ങി അത് ഇപ്പോഴും തുടർന്നുവരുന്നു. വിദ്യാഭ്യാസ സ്കോളർഷിപ്പ് , ദേശീയ മനുഷ്യാവകാശ |

| | | | |
|---|---|---|---|
| | | | കമ്മീഷന്റെ ശുപാർശ അനുസരിച്ച് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ദുരിത ബാധിതരെ പൂർണ്ണമായും കിടപ്പിലായവർ, ശാരീരികവൈകല്യമുള്ളവർ , ബുദ്ധിമാന്ദ്യം സംഭവിച്ചവർ എന്നിങ്ങനെ തരംതിരിച്ച് പ്രത്യേക സാമ്പത്തിക സഹായം നൽകി വരുന്നു. പൂർണ്ണമായും കിടപ്പിലായ 101 രോഗികൾക്കും 1.5 ലക്ഷം രൂപാവീതവും ഇതിനകം വിതരണം ചെയ്തു. ബാക്കി യുള്ളവർക്കുള്ള സാമ്പത്തിക സഹായ വിതരണം ചെയ്യുവാനുള്ള പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു. എൻഡോസൾഫാൻ ദുരിതബാധിതരിൽ മരണമടഞ്ഞവരുടെ കുടുംബങ്ങൾക്ക് 1 ലക്ഷം രൂപ വീതം സാമ്പത്തിക സഹായം 734 പേർക്ക് നൽകിയതിൽ 556 പേർക്ക് പുതിയ സർക്കാർ വന്നതിനുശേഷം നൽകി. 178 പേർക്ക് 50000 രൂപ വീതവും നൽകി. |

സെക്ഷൻ ഓഫീസർ